LIBRARY ARCHIVES Kerala Legislative Assembly

അംബേദ്കർ ഗ്രാമം പദ്ധതി

47(792) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കുന്നത്തുനാട് മണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്തിലെ വിട്ടൂർ കോളനിക്ക് 2019-20 വർഷം 50 ലക്ഷം രൂപയും മൂലേക്കുഴി കോളനിക്ക് 2020-21 വർഷം ഒരു കോടി രൂപയും അനുവദിച്ചിരുന്നുവെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളനികളിൽ എന്തെല്ലാം പ്രവൃത്തികളാണ് ഈ പദ്ധതിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂലേക്കുഴി കോളനിയിൽ മൂലേക്കുഴി റോഡ് നിർമ്മാണം, പെരിയാർവാലി കനാൽ റോഡ്, സംരക്ഷണഭിത്തി നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വിട്ടൂർ കോളനിയിൽ ഓപ്പൺ സ്റ്റേഡിയവും നടപ്പാത നിർമ്മാണവും ശിപാർശ ചെയ്തിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച ഫണ്ട് വിനിയോഗിച്ചുകൊണ്ട് പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മോണിറ്ററിംഗ് കമ്മിറ്റി ശിപാർശ ചെയ്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അടിയന്തരമായി സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

48(793) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരമുള്ള എത്ര കോളനികളാണുള്ളത്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

1. പേരൂർ കോളനി
2. നാലുപുരയ്ക്കൽ കോളനി
3. അറവുകാട് എസ്.സി. കോളനി
4. അമ്പലപ്പുഴ വടക്ക് എസ്.സി. കോളനി
5. ഐ.എച്ച്.ഡി.പി. കോളനി
6. പോട്ടത്തറ ലക്ഷം വീട് കോളനി
7. വിരുത്തുവേലി കോളനി
8. മാമ്പലത്തറ അംബേദ്കർ കോളനി
9. പറത്തറപറമ്പ് കോളനി
10. കുരമാടി ലക്ഷം വീട് കോളനി
11. എണ്ണയ്ക്കാട് കോളനി
12. ഇല്ലിച്ചിറ കോളനി
13. കരിച്ചിറ കോളനി
14. നാഗപറമ്പ് കോളനി
15. മണ്ണംപുറം കോളനി
16. നാഗമംഗലം കോളനി
17. നാലുചിറ സെറ്റിൽമെന്റ് കോളനി
18. ഇല്ലിച്ചിറ അംബേദ്കർ കോളനി
19. എം.ആർ.തോട് കോളനി
20. ഗാന്ധി വിലാസം കോളനി.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര ഫണ്ടനുവദിച്ചുവെന്ന് ഉത്തരവുകളുടെ കോപ്പികൾ സഹിതം വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിന്റെയും നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളത്; ഇതുവരെയുള്ള ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഏജൻസികളെ ഒഴിവാക്കി പുതിയ ഏജൻസികൾക്ക് നിർമ്മാണ ചുമതല നൽകുവാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

(ബി-ഡി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണംപുറം കോളനിയെ മാത്രമാണ് തെരഞ്ഞെടുത്തിരുന്നത്. വീട് മെയിന്റനൻസ്, ഇന്റർലോക്ക്, റോഡ് ടാറിംഗ്, സൈഡ് കെട്ട്, സോളാർ ലാമ്പ്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) നിർവ്വഹണ ഏജൻസിയായിട്ടുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 40,55,393 രൂപ അനുവദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം* ചെയ്യുന്നു.

വനാവകാശ സമിതി

49(794) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ സമിതികളുടെ ചുമതലകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

വനാവകാശ സമിതികളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു. വനാവകാശം ഉന്നയിക്കുന്നവരിൽ നിന്ന് അതുസംബന്ധിച്ച അപേക്ഷ ലഭിക്കുവാൻ സമിതി നടപടികളെടുക്കണം. വനാവകാശത്തിനുള്ള നിശ്ചിത ഫോറത്തിലുള്ള അപേക്ഷയും അനുബന്ധ രേഖകളും വനാവകാശ സമിതിയുടെ ചെയർമാനോ/സെക്രട്ടറിയോ സ്വീകരിച്ച് കൈപ്പറ്റ് രസീത് നൽകി അപേക്ഷകൾ കൈവശം വയ്ക്കണം. അപേക്ഷകൾ ചട്ടം അനുശാസിക്കും വിധമാണോ സമർപ്പിച്ചിട്ടുള്ളതെന്ന് പരിശോധിക്കണം. അപേക്ഷകനെയും വനം വകുപ്പിനെയും മുൻകൂട്ടി അറിയിച്ചതിനുശേഷം നേരിട്ടു പോയി അവരുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധനകളും തെളിവെടുപ്പുകളും നടത്തണം. തെളിവെടുപ്പും സ്ഥലപരിശോധനയും ബന്ധപ്പെട്ട എല്ലാ കക്ഷികളുടെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ നടത്തിയെന്ന് ഉറപ്പാക്കണം. റിപ്പോർട്ട് തയ്യാറാക്കി (പ്രസ്തുത വനഭൂമിയുടെ അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള ഭൂരേഖാ ചിത്രത്തോടുകൂടി) അവരുടെ കണ്ടെത്തലുകൾ അപേക്ഷകളിൽ രേഖപ്പെടുത്തി (സാമൂദായിക അവകാശത്തിനുള്ള അപേക്ഷ ഉൾപ്പെടെ) അവ ഗ്രാമസഭകളുടെ പരിഗണനയ്ക്കായി സമർപ്പിക്കണം. വനാശ്രിത ആദിമസമൂഹങ്ങളിൽപ്പെട്ടവരുടെ ആവാസമേഖലകൾ നിർണ്ണയിക്കുന്ന വേളകളിൽ അവരുടെ ഗോത്രപാരമ്പര്യ സ്ഥാപനങ്ങളുമായി തുറന്ന സംവദിച്ചതിനുശേഷം മാത്രമാണ് തീരുമാനമെടുത്തതെന്ന് ഉറപ്പുവരുത്തണം. അയൽ ഗ്രാമസഭകൾ തമ്മിൽ വനാവകാശ മേഖലകളെ സംബന്ധിച്ച് അതിർത്തി തർക്കമുയരുന്നപക്ഷം ബന്ധപ്പെട്ട വനാവകാശ സമിതികൾ കൂടിയാലോചിച്ച് അതിരുകൾ നിശ്ചയിക്കുകയും തീരുമാനങ്ങളെടുക്കുകയും വേണം.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly